# MY LORD, MY GOD
# Bulletin
DIOCESE OF IRINJALAKUDA

**NOVEMBER 2013**

Book : 34 Volume : 11



P.B. No. 59, Irinjalakuda - 680121

Phone : 2826830, 2826820

Website : www.irinjalakudadiocese.com

E-mail : ijkbph@gmail.com


## ഉള്ളടക്കം


1. ഇടയശബ്ദം ........ 02
2. ഇടയലേഖനം ........ 04
3. കച്ചേരികാര്യങ്ങൾ ........ 08
4 കൊടുങ്ങല്ലൂർ മാർതോമാ തീർത്ഥാടനം ........ 11
5 മാധ്യമദിന സന്ദേശം ........ 12
6 സഭാവാർത്തകൾ ........ 19
7 ബ്ലസ് എ ഹോം ........ 22
8 വിശ്വാസവർഷസമാപനം ........ 24
9 മതബോധനം ........ 27
10 ബൈബിൾ അപ്പസ്തോസേറ്റ് ........ 28
11 കരിസ്മാറ്റിക്മൂവ്മെന്റ് ........ 29
12 സാൻജോസദൻ ........ 30
13 കെ.സി.വൈ.എം. ........ 31
14 അവാർഡ് ........ 32
15 നവചൈതന്യ ........ 33
16 സി.ആർ.ഐ. ........ 34
17 സോഷ്യൽ ആക്ഷൻ ........ 35
18 പാക്സ് ........ 36
19 ബി.എൽ.എം. ........ 37
20 കെ.എൽ.എം. ........ 37
21 സെന്റ് പോൾസ് മൈനർ സെമിനാരി ........ 38
22 സ്പിരിച്വാലിറ്റി സെന്റർ ........ 39
23 ഇടയന്റെ നാളെകൾ ........ 40
24 ഇടയന്റെ ഇന്നലെകൾ ........ 41

# ഇടയശബ്ദം



*ഏറ്റവും സ്നേഹമുള്ള വൈദിക സുഹൃത്തുക്കളെ, പ്രിയ സമർപ്പി തരെ, മിശിഹായിൽ വാത്സല്യമുള്ള സഹോദരീസഹോദരൻമാരെ,*

ജീവജ്വാല മാസികയുടെ സെപ്തംബർ ലക്കത്തിന്റെ കവർ സ്റ്റോറി, ആകസ്മികമായി ഹൃദയാഘാതത്തെ തുടർന്ന് മരിച്ച എഡി റ്റോറിയൽ അംഗം തോമസ് ചേട്ടനെക്കുറിച്ചായിരുന്നു. കൊച്ചിയിൽ ഷിപ്പ്യാർഡിൽ ജോലി ചെയ്തിരുന്ന തോമസ് ഈരേത്ര ഇടവ കയിലും രൂപതയിലും വിവിധ പ്രവർത്തനങ്ങളിലൂടെ സജീവ മായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ ബീന വിവാഹത്തിനുശേഷം 7 മാസം കഴിഞ്ഞപ്പോൾ മൾട്ടിപ്പിൾസ് ക്ലിയറോസിസ് എന്ന രോഗം ബാധിച്ച് കിടപ്പിലായി. ബീനയുടെ ബുദ്ധി 7 വയസ്സ് മാത്രം പ്രായ മുള്ള ഒരു കുട്ടിയുടേത് പോലെയായി. ചികിത്സാർത്ഥം കഴിച്ച മരു ന്നുകളുടെ പാർശ്വഫലമായി കഴിഞ്ഞ കുറെ വർഷങ്ങളായി ബീന യുടെ ശരീരം തളർന്നു. തീർത്തും കിടപ്പിലായ ബീനയ്ക്ക് ഭർത്താ വിന് നൽകുവാൻ ഒന്നുമില്ലായിരുന്നു. ഒന്നിനും കഴിവില്ലായിരുന്നു. നീണ്ട ഇരുപത്തിയാറു വർഷം അതീവ സ്നേഹത്തോടും സംതൃപ്തിയോടും കൂടെ തോമസ് ചേട്ടൻ ഭാര്യയെ പരിചരിച്ചു. കഴുത്തിനു താഴോട്ടു തളർന്നുപോയ ബീനയെ പല്ലുതേപ്പിച്ചും കുളി പ്പിച്ചും ഭക്ഷണം വാരിക്കൊടുത്തും വെള്ളം കോരിക്കൊടുത്തും തുടപ്പിച്ചും ഒക്കെ ആ ജീവിതം മുന്നോട്ടുപോയി.

ഒരു പ്രതിഫലവും ഇല്ലാതെ ഒരാൾ മറ്റൊരാൾക്ക് നന്മ ചെയ്യുന്നതിനെയാണ് സ്നേഹമെന്ന് ഈശോ പഠിപ്പിച്ചത്. മാതൃ കയിലൂടെ അവിടുന്ന് നമുക്ക് അത് കാണിച്ചു തരികയും ചെയ്തു.

തിരിച്ചു കിട്ടും എന്ന് പ്രതീക്ഷിക്കാതെ നന്മ ചെയ്യുകയെന്നതാണ് ക്രിസ്തുസ്നേഹത്തിന്റെ സവിശേഷത. തോമസ് ചേട്ടൻ തന്റെ ഭാര്യ ബീനയെ സ്നേഹിച്ചതും ശുശ്രൂഷിച്ചതും യാതൊന്നും തിരിച്ചു കിട്ടുമെന്ന പ്രതീക്ഷയില്ലാതെയാണ്. അതാണ് സ്നേഹ ത്തിൽ പ്രവർത്തനനിരതമായ വിശ്വാസം. ഈശോ പഠിപ്പിക്കുന്ന ക്രിസ്തീയത.

വിശ്വാസവർഷത്തിന്റെ സമാപനം കുറിക്കുകയാണല്ലോ നവംബർ 24-ന്. നമുക്കും സ്നേഹത്തിൽ പ്രവർത്തനനിരതമായ വിശ്വാസം പ്രകടമാക്കാം. സ്വന്തം ജീവിതത്തിൽ കലർപ്പില്ലാത്ത സ്നേഹത്തിന്റെ പ്രചാരകരാകാം.

ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

നിങ്ങളുടെ പിതാവ് + Pauly Kannookadan

ഇരിങ്ങാലക്കുട — **മാർ പോളി കണ്ണൂക്കാടൻ**

26. 10. 2013 — ഇരിങ്ങാലക്കുട രൂപത മെത്രാൻ

---

## ദുരിതാശ്വാസ ഫണ്ട്

ഉത്തരാഖണ്ഡ് വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിലേക്ക് നമ്മുടെ രൂപതയിലെ വിവിധ ഇടവകകളിൽനിന്നും 6,00,502- രൂപ സംഭാവനയായി ലഭിച്ചു. ഇതിൽനിന്നും 2,50,000/- രൂപ കാരിത്താസ് ഇന്ത്യ വഴി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും 3,50,000/- ബിജ്നോർ രൂപത വഴി പുനരധിവാസ പ്രവർത്തനങ്ങൾക്കുമായി ഉത്തരാഖണ്ഡി ലേക്ക് നൽകി. ആത്മാർത്ഥമായി സഹകരിച്ച വികാരിയച്ച ന്മാർക്കും ഇടവകാംഗങ്ങൾക്കും സ്നേഹപൂർവ്വം നന്ദി
.

**മാർ പോളി കണ്ണൂക്കാടൻ**

1396/13
25.10.2013

# ഇടയലേഖനം

*ദൈവകൃപയാലും പരി. സിംഹാസനത്തിൻ അനുഗ്രഹത്താലും ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ, രൂപതയിലെ ബഹു. വികാരിയച്ചന്മാർക്കും മറ്റു വൈദികർക്കും സന്യാസിനീ സന്യാസികൾക്കും വിശ്വാസികൾക്കും ആശിർവ്വാദം.*

---

*യേശുവിൽ പ്രിയ ബഹു. വൈദികരേ, സന്യാസിനീ സന്യാസികളേ, പ്രിയ മക്കളേ,*

നമ്മുടെ രൂപതയിലെ പള്ളികളിൽ തിരുനാളാഘോഷങ്ങളെക്കുറിച്ചുള്ള ചർച്ചകളും പദ്ധതികളും ആരംഭിച്ചു കാണുമല്ലോ. ഈ അവസരത്തിൽ ക്രൈസ്തവ ആഘോഷങ്ങളെക്കുറിച്ച് കേരള കത്തോലിക്ക മെത്രാൻ സമിതി നൽകിയ നിർദ്ദേശങ്ങളും രൂപതയിൽ കാലാനുസൃതം നിഷ്കർഷിച്ചിട്ടുള്ള കാര്യങ്ങളും പരിഗണിച്ചുകൊണ്ടുവേണം തിരുനാളുകളെ സംബന്ധിച്ചുള്ള തീരുമാനങ്ങളെടുക്കുവാൻ എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. മെത്രാൻ സമിതി പറഞ്ഞ കാര്യങ്ങൾ 2010 ആഗസ്റ്റ് ലക്കത്തിൽ ബുള്ളറ്റിനിലൂടെ അറിയിച്ചിട്ടുള്ളതാണ്. രൂപതയുടെ നിർദ്ദേശങ്ങളുൾപ്പെടെ അവ ഒരിക്കൽ കൂടെ നിങ്ങളുടെ ഓരോരുത്തരുടെയും ശ്രദ്ധയിൽപ്പെടുത്തട്ടെ.

ക്രൈസ്തവവിശ്വാസജീവിതത്തിൽ ഇടവക തിരുനാളുകൾക്ക് അതീവ പ്രാധാന്യമുണ്ട്. ദൈവത്തിന്റെ വിസ്മനീയമായ പ്രവൃത്തികളാണ് തിരുനാളുകൾ വിളംബരം ചെയ്യുന്നത്. വിശ്വാസത്തിൽ ആഴപ്പെടാനും ഇടവക കൂട്ടായ്മയിൽ വളരുവാനും തിരുനാളുകൾ സഹായിക്കണം. തിരുനാളാഘോഷങ്ങൾ ആർഭാടത്തിനും ധൂർത്തിമുമുള്ള അവസരമല്ല. അവയിൽ ലാളിത്യം നിറഞ്ഞു നിൽക്കണം. ഇടവക തിരുനാളുകൾ വിശ്വാസപാരമ്പര്യത്തിന്റെയും ആരാധനക്രമപൈതൃകത്തിന്റെയും പ്രകാശനമാണ്. ക്രിസ്തീയ ചൈതന്യത്തിൽ തിരുനാളാഘോഷങ്ങൾ സംഘടിപ്പിക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുവാൻ പരിശ്രമിക്കേണ്ടതാണ്.

1. തിരുനാളുകളും ഇടവക ദേവാലയത്തിലെ ഇതര ആഘോഷങ്ങളും ഒരിക്കലും വാണിജ്യവൽക്കരിക്കപ്പെടരുത്. തിരുനാളുകളുടെ ആത്മീയചൈതന്യം നിലനിറുത്തുവാൻ ഏവരും ശ്രദ്ധിക്കണം.

2. തിരുനാളിന്റെയോ നൊവേനയുടെയോ ഭാഗമായി സംഘടിപ്പിക്കുന്ന നേർച്ചസദ്യ, ഊട്ടുനേർച്ച തുടങ്ങിയവ കഴിവതും ഇടവക

സമൂഹത്തിന്റെ മാത്രം പരിപാടിയായി നടത്തുന്നതാണ് ഉത്തമം. ഓരോ തിരുനാളും ഇടവകയുടെ ആത്മീയ പോഷണം ലക്ഷ്യം വച്ചുകൊണ്ടാണല്ലോ നടത്തപ്പെടേണ്ടത്. മതസൗഹാർദ്ദവും സാഹോദര്യവും കൂട്ടായ്മയും ഉദ്ദേശിച്ചുകൊണ്ട് പ്രത്യേക അവസരങ്ങളിൽ ഇടവകാതിർത്തിയിലുള്ള ഇതര മതസ്ഥരെയും ഇതിലേയ്ക്കു ക്ഷണിക്കുന്നത് മാതൃകാപരമായിരിക്കും.

3. തിരുനാൾ, നൊവേന, ധ്യാനം, ഇടവകയിൽ നടത്തപ്പെടുന്ന ബൈബിൾ കൺവെൻഷൻ, ഊട്ടുനേർച്ച തുടങ്ങിയവയുടെ പരസ്യങ്ങൾ വിപണനക്കാർ ചെയ്യുന്നതുപോലെ വലിയ ഹോർഡിങ്ങുകൾ, ഫ്ളെക്സ് ബോർഡുകൾ എന്നിവയിലൂടെ നൽകുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. വലിയ തീർത്ഥാടനകേന്ദ്രങ്ങളുടെയും ധ്യാനകേന്ദ്രങ്ങളുടെയും പരസ്യങ്ങൾ ഇടവകയ്ക്കു പുറത്തു നൽകേണ്ടി വരുന്ന സാഹചര്യത്തിൽ വേണ്ടത്ര വിവേകം ബന്ധപ്പെട്ടരും വികാരിമാരും കാണിക്കണം. 'മഹാ ഊട്ടുനേർച്ച', 'അത്ഭുതരോഗശാന്തിധ്യാനം' തുടങ്ങിയ പദപ്രയോഗങ്ങൾ ഒഴിവാക്കണം.

4. ഇടവക ദൈവാലയത്തിലെ പ്രധാന തിരുനാളുകൾ കൂടാതെ ഇടവക അതിർത്തിക്കുകീഴിൽ വരുന്ന കുരിശടികളിലും കപ്പേളകളിലും ആഘോഷങ്ങൾ നിരുത്സാഹപ്പെടുത്തണം. കപ്പേളകളും, കുരിശടികളും ഇടവകകളും തമ്മിൽ മത്സരബുദ്ധിയോടെയും വലിയ ആർഭാടത്തോടെയും തിരുനാളുകൾ നടത്തുന്നതും നിയന്ത്രിക്കപ്പെടേണ്ടതാണ്.

5. തിരുനാളാഘോഷങ്ങൾ പ്രധാനമായും ആത്മീയ ഉണർവ്വിനും ജീവിതനവീകരണത്തിനും കൂട്ടായ്മ പരിപോഷണത്തിനും സഹായകമാണെന്ന് ഉറപ്പുവരുത്താൻ ബഹുമാനപ്പെട്ട വികാരിമാരും കൈക്കാരന്മാരും കമ്മിറ്റി അംഗങ്ങളും പ്രത്യേകം ശ്രദ്ധിക്കണം. ആഘോഷങ്ങളുടെ പേരിൽ പണം ധൂർത്തടിക്കാൻ ഒരിക്കലും ഇട വരരുത്. തിരുനാളുകൾ നടത്താൻ ഇടവകകൾ ചെലവഴിക്കുന്ന തുകയുടെ പത്തു ശതമാനം സാമൂഹിക പ്രവർത്തനത്തിനും ദരിദ്രരെ സഹായിക്കുന്നതിനുംവേണ്ടി മാറ്റിവയ്ക്കണം. പ്രസ്തുത തുക ഈ വർഷം ലഹരിവിമുക്ത പ്രവർത്തനങ്ങൾക്കായി നവചൈതന്യയിലേയ്ക്കോ സാൻജോസദനിലേയ്ക്കോ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

6. ക്രിസ്തുകേന്ദ്രീകൃത ഭക്തിയിൽനിന്ന് വിശ്വാസികളെ അകറ്റുന്ന പുതിയ ഭക്ത്യാഭ്യാസങ്ങളും നേർച്ചാരീതികളും ഒരിക്കലും പ്രോത്സാഹിപ്പിക്കരുത്. ഊട്ടുനേർച്ചയ്ക്കും മറ്റും നൽകപ്പെടുന്ന

അമിത പ്രാധാന്യം ഇത്തരത്തിലുള്ളതാണ്. പായസം, തമുക്ക്, എണ്ണ തുടങ്ങിയ നേർച്ച വസ്തുക്കൾ ലാഭം ലക്ഷ്യംവച്ചുകൊണ്ട് വില്പന നടത്തുന്നത് അഭികാമ്യമല്ല.

7. തിരുനാളാഘോഷ പരിപാടികൾ വൈകുന്നേരങ്ങളിലാണെങ്കിൽ വൈകിട്ട് 7 മണിക്ക് പ്രദക്ഷിണം സമാപിക്കണം എന്നത് ഓർമ്മിപ്പിക്കുന്നു. രാത്രി ഏറെ വൈകി തിരുനാളാഘോഷങ്ങളോടനുബന്ധിച്ച് ദൈവാലയാങ്കണത്തിൽ കലാപരിപാടികളും നടത്തുന്നത് നിരുത്സാഹപ്പെടുത്തണം. മെഗാഷോ, ഓർക്കസ്ട്ര തുടങ്ങിയവ ഒഴിവാക്കി സന്ദേശം കൈമാറുവാൻ ഉതകുന്ന കലാപരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. സമയക്രമീകരണത്തിൽ രാജ്യത്ത് നിലവിലുള്ള നിയമങ്ങൾ കർക്കശമായി പാലിക്കേണ്ടതാണ്. തിരു നാളുകളോടനുബന്ധിച്ച്, മനുഷ്യരെ നന്മയിലേയ്ക്കു നയിക്കാനുത കുന്ന കലാപരിപാടികളേ നടത്താവൂ. നമ്മുടെ സംസ്കാരത്തിനും പൈതൃകത്തിനും നല്ല പാരമ്പര്യങ്ങൾക്കും ക്രൈസ്തവമൂല്യങ്ങൾ ക്കും ഭംഗമുണ്ടാക്കുന്ന പരിപാടികൾ ദൈവാലയാങ്കണത്തിൽ അരങ്ങേറരുത്.

8. തിരുനാൾ നൊവേന, ജൂബിലി തുടങ്ങിയ ആഘോഷങ്ങൾക്ക് ആർഭാടത്തിനുവേണ്ടി ഒന്നിലധികം മെത്രാന്മാരെ ക്ഷണിക്കുന്നത് അഭിലഷണീയമല്ല. രൂപതയ്ക്കു പുറത്തുള്ള മെത്രാന്മാരെ ക്ഷണിക്കുന്ന പക്ഷം രൂപതാധ്യക്ഷനിൽനിന്ന് മുൻകൂട്ടി അനുവാദം വാങ്ങേണ്ടതാണ്.

9. തിരുനാളുകൾക്ക് ഇതര പള്ളികളിൽനിന്നും മറ്റും കുരിശുകൾ, വെള്ളിക്കുരിശുകൾ എന്നിവ വാടകയ്ക്കു വാങ്ങുന്നതും കൊടുക്കുന്നതും നിരുത്സാഹപ്പെടുത്തണം.

10. തിരുനാൾ പ്രദക്ഷിണം ഭക്തിനിർഭരമായും ഗതാഗതത്തിനു തടസ്സം വരാതെയുമാണു നടത്തേണ്ടത്. തിരുനാളാഘോഷങ്ങൾ പൊതുജനങ്ങൾക്കും സമീപവാസികൾക്കും ബുദ്ധിമുട്ടു സൃഷ്ടിക്കാതെ നടത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തിരുന്നാൾ പ്രദക്ഷിണങ്ങൾക്ക് പോലീസിൽനിന്ന് മുൻകൂട്ടി അനുവാദം വാങ്ങിച്ചിരിക്കണം. ഇക്കാര്യത്തിൽ നിയമപാലകർ നൽകുന്ന നിർദ്ദേശങ്ങൾ കാർക്കശ്യത്തോടെ പാലിക്കപ്പെടണം.

നമ്മുടെ രൂപതയിലെ അമ്പു പ്രദക്ഷിണങ്ങൾ ഭക്തിനിർഭരമാക്കുവാൻ എല്ലാവരുടേയും ശ്രദ്ധ അഭ്യർത്ഥിക്കുന്നു. വൈകിട്ട് 7 മണിയോടെ തിരുനാളിന്റെ തലേദിവസത്തെ അമ്പു പ്രദക്ഷിണങ്ങൾ പള്ളിയങ്കണത്തിൽ എത്തിച്ചേരുന്നത് അഭികാമ്യമാണ്. പോലീസും കോടതിയും നിഷ്ക്കർഷിച്ചിട്ടുള്ള സമയത്തിനുശേഷം

അമ്പുപ്രദക്ഷിണങ്ങൾ നടത്തുവാൻ പാടുള്ളതല്ല.

11. തിരുനാളിന്റെ ഭാഗമായി കണ്ടുവരുന്ന കരിമരുന്നുപ്രയോഗം നിരുത്സാഹപ്പെടുത്തേണ്ടതാണ്. വെടിക്കെട്ടു കൊണ്ടുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ ഇത് ഏറെ സഹായകമാകും. ഒപ്പം, തിരുനാൾ ചെലവു കുറയ്ക്കാനും ഇത് ഉപകരിക്കും. വെടിക്കെട്ടുകൾ നടത്തുന്ന സാഹചര്യത്തിൽ, രാജ്യത്തു നിലവിലുള്ള നിയമങ്ങളും സുരക്ഷാമാനദണ്ഡങ്ങളും കർക്കശമായി പാലിക്കേണ്ടതാണ്.

12 പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്ന രീതിയിലുള്ള ഫ്ളക്സ്, പ്ലാസ്റ്റിക് എന്നിവയുടെ ഉപയോഗം, തിരുനാളവസരങ്ങളിൽ നിയന്ത്രിക്കണം. ശബ്ദമലിനീകരണം ഉളവാക്കുന്ന ഉപകരണങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടരുത്. ശബ്ദമലിനീകരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങൾ തിരുനാളവസരങ്ങളിൽ കർക്കശമായി പാലിക്കപ്പെടേണ്ടതാണ്.

ധാരാളം ഇടവകകളിൽ ഈ നിർദ്ദേശങ്ങൾ പറയുന്ന രീതിയിലാണ് തിരുനാളുകൾ നടത്തുന്നത് എന്നത് സന്തോഷകരമായ കാര്യമാണ്. അവരെ ഞാൻ അഭിനന്ദിക്കുന്നു. മറ്റുള്ളവർക്കും അത് സാധിക്കുമെന്നുള്ളതിൽ സംശയമില്ല. അതിന് ബഹുമാനപ്പെട്ട വികാരിയച്ചന്മാരും കൈക്കാരന്മാരും കമ്മിറ്റി അംഗങ്ങളും ഇടവകാംഗങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഈശോ ജീവിതത്തിലൂടെ പഠിപ്പിച്ച സന്ദേശവും വിശുദ്ധരുടെ മാതൃക ഏറ്റുപറയുന്നതുമായ മൂല്യങ്ങൾ പ്രഘോഷിക്കുന്നതാണ് തിരുനാളാഘോഷങ്ങൾ. ഇടുങ്ങിയ വഴിയിലൂടെ കടന്നുപോയെങ്കിൽ മാത്രമെ സ്വർഗ്ഗീയമായ അനുഭവം നമുക്കുണ്ടാകുകയുള്ളു എന്ന വസ്തുത അവരുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. അവരെ അനുകരിക്കാൻ നമുക്ക് പരിശ്രമിക്കാം. അതിനനുസൃതമാകട്ടെ തിരുനാളിനുള്ള പരിപാടികളെക്കുറിച്ചുള്ള നമ്മുടെ തീരുമാനങ്ങൾ. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ഈശോയിൽ സ്നേഹത്തോടെ,

നിങ്ങളുടെ പിതാവ്

+ Pauly Kannookadan

ഇരിങ്ങാലക്കുട **മാർ പോളി കണ്ണൂക്കാടൻ**

25. 10. 2013 ഇരിങ്ങാലക്കുട രൂപത മെത്രാൻ

---

NB:- ഈ ഇടയലേഖനം നവംബർ 17 ഞായറാഴ്ച ദിവ്യബലി മധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.



# കച്ചേരി കാര്യങ്ങൾ

1 **Appointments**

**Rev. Fr. Pius Chittilappilly :** granted leave for Two years w.e.f. 30.09.2013, Residence at Vianney Home, Puliyilakunnu.

**V. Rev. Fr. Jobby Pozholiparambil :** appointed Chaplain, House of Providence, Irinjalakuda also w.e.f. 30.09.2013

2. **സകല വിശുദ്ധരുടെയും തിരുനാൾ – നവംബർ 1**

വിശുദ്ധരുടെ കൂട്ടായ്മയിൽ വിശ്വസിക്കുന്ന നമുക്ക്, സകല വിശുദ്ധരുടെയും തിരുന്നാൾ ദിവസം വി. ബലിയിൽ സംബന്ധിച്ച് ദൈവാനുഗ്രഹം നേടാം.

3. **സകല മരിച്ചവരുടെ അനുസ്മരണം – നവംബർ 2**

മരണംമൂലം നമ്മളിൽനിന്ന് വേർപെട്ടു പോയവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം. സ്വർഗ്ഗോന്മുഖരായി ജീവിക്കുവാൻ മരണചിന്ത നമ്മെ പ്രാപ്തരാക്കട്ടെ

4 **മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിന്റെ ചരമദിനം (1973)** നവംബർ 6

ആലപ്പാട്ട് പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം.

5 **വൈദിക വിശുദ്ധീകരണദിനം : നവംബർ 8**

നവംബർ 8-ാം തിയ്യതി വെള്ളിയാഴ്ച മൈനർ സെമിനാരി യിൽവെച്ച് വൈദികവിശുദ്ധീകരണദിനം നടത്തപ്പെടുന്നു. രാവിലെ 10 മണിക്ക് ആരംഭിക്കും. എല്ലാ വൈദികരും പങ്കെടു ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

6 **കൊടുങ്ങല്ലൂർ തീർത്ഥാടന പദയാത്ര –നവംബർ 16 ശനി**

മാർ തോമാശ്ലീഹായുടെ ഭാരതപ്രവേശന തിരുനാളിനോട് അനുബന്ധിച്ച് നടത്തുന്ന കൊടുങ്ങല്ലൂർ തീർത്ഥാടനപദയാത്ര നവംബർ മാസം 16 ശനിയാഴ്ചയാണ്. വിശ്വാസവർഷത്തിൽ നടത്തുന്ന ഈ തീർത്ഥാടന പദയാത്രയിൽ പങ്കെടുത്ത് അനു ഗ്രഹങ്ങൾ പ്രാപിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

7 **സമ്പർക്ക മാധ്യമദിനം – നവംബർ 17 ഞായർ**

ആശയവിനിമയ രംഗത്ത് മാധ്യമങ്ങൾ ജനങ്ങളിൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ്. മനുഷ്യനിലെ തിന്മകളെ ശക്തി

പ്പെടുത്തുന്ന മാധ്യമ സംസ്ക്കാരത്തിന് പ്രതിവിധിയായി പുതിയ മാധ്യമങ്ങൾ ലോക സേവനത്തിന് എങ്ങനെ ഉപകാരപ്പെടുത്താമെന്ന് ജനങ്ങളെ ബോധവാന്മാരാക്കണം. അന്നേദിവസം പ്രത്യേക പിരിവെടുത്ത് രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുമല്ലോ.

8 **മാർതോമാശ്ലീഹായുടെ ഭാരതപ്രവേശനതിരുനാൾ : നവംബർ 21** മാർ തോമാശ്ലീഹ ഭാരതമണ്ണിൽ, നമ്മുടെ രൂപതയിൽ, കാലുകുത്തിയതിന്റെ ഓർമ്മ ആചരിക്കുന്ന ഈ ദിനം മാർതോമാ ചൈതന്യം ഉൾക്കൊണ്ട് വിശുദ്ധരായ സഭാമക്കളായി ജീവിക്കാൻ നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം.

9 **രാജത്വതിരുനാൾ : നവംബർ 24 ഞായർ**
നമ്മുടെ ജീവിതത്തിന്റെയും കുടുംബങ്ങളുടെയും രാജാവായി യേശുവിനെ അംഗീകരിച്ച് നമ്മെ സമർപ്പിക്കാം. അന്നേദിവസം തന്നെയാണ് വിശ്വാസവർഷസമാപനവും നടത്തപ്പെടുക. ഒക്ടോബർ മാസത്തെ രൂപതാ ബുള്ളറ്റിനിൽ നൽകിയിരിക്കുംപ്രകാരം (Ref. Page 12) വിശ്വാസവർഷസമാപന പരിപാടികൾ ഇടവകകളിൽ സംഘടിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

10 **മംഗളവാർത്താകാലം :** ഡിസംബർ 1 മുതൽ 24 ഉൾപ്പെടെയുള്ള ഇരുപത്തിയഞ്ച് നോമ്പ് ദിവസങ്ങളിൽ വിവാഹാഘോഷങ്ങൾക്ക് മുടക്ക്. നോമ്പിന്റെ അരൂപി ഈ ദിവസങ്ങളിൽ കാത്തുസൂക്ഷിച്ച് ക്രിസ്തുമസ്സിന്റെ അനുഗ്രഹം പ്രാപിക്കാൻ പരിശ്രമിക്കാം.

11. **മാസധ്യാനം :** ഡിസംബറിലെ മാസധ്യാനം ഫൊറോനതലത്തിലായിരിക്കും.

12 **പാസ്റ്ററൽ കൗൺസിൽ-ഡിസംബർ 14 :** 12-ാം പാസ്റ്ററൽ കൗൺസിലിന്റെ അവസാന സമ്മേളനം ഡിസംബർ 14 ശനിയാഴ്ച രാവിലെ 9.30ന് ബിഷപ്പ്സ് ഹൗസിൽ ആരംഭിക്കുന്നു. എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും പങ്കെടുക്കേണ്ടതാണ്.

13 **വെള്ളിയാഴ്ച മാംസവർജ്ജനം :** സഭാനിയമവും പാരമ്പര്യവുമനുസരിച്ച് വെള്ളിയാഴ്ചകളിൽ മാംസവർജ്ജനം നടത്താൻ നമുക്ക് കടമയുണ്ട്. വിവാഹവാഗ്ദാനം, വിവാഹം തുടങ്ങിയ ആവശ്യങ്ങൾ ശനിയാഴ്ചകളിൽ നടത്തുമ്പോൾ തലേനാളായ വെള്ളിയാഴ്ചകളിൽ നടത്തുന്ന ആഘോഷങ്ങളിൽ മാംസം ഉപേക്ഷിക്കേണ്ടതാണ്. ഈ വിവരം ബഹു. വികാരിയച്ചന്മാർ ദൈവജനത്തെ അറിയിച്ച് അവരെ അതിൽനിന്ന് പിൻതിരിപ്പിക്കേണ്ടതാണ്.

രൂപതാ കാര്യാലയം — **മോൺ. ജോസ് ഇരിമ്പൻ**
25. 10. 2013 — വികാരി ജനറാൾ

# Decree of Dismissal of Rev. Baiju Parakkal

Your Excellency

I Rev. Bitaju Puthenpurackal, O.S.S.T., the Provincial Vicarial of India, of the Order of the Most Holy Trinity (Trinitarians), Banglore, would like to bring to your kind attention that one of our priests namely, Rev. Baiju Parakkal who hails from the Diocese of Irinjalakuda, and belongs to the parish of St. Joseph's Church, Aloor P.O., Kallettumkara, is no more a religious of our Order. The Decree of Dismissal from the Oder of the Most Holy Trinity, Confirmed by the Congregation for Institutes of Religious Life and Societies of Apostolic Life, Rome. Rev. Baiju Parakkal is also suspended *a divinis*. I had sent your Excellency a letter dated July 31, 2012, informing you regarding the decree issued to Restrict Ministry of Rev. Baiju Parakkal, O.S.S.T.

Now that all the necessary canonical procedures are concluded to the effect of the dismissal procedure of Rev. Baiju Parakkal, I kindly request your Excellency to take the necessary actions to inform the clergy and the faithful regarding the Decree of Dismissal issued on Rev. Baiju Parakkal from the Oder of the Most Holy Trinity and that he is suspended *a divinis.*

I thank you sincerely for your support and co-operation in this regard. May God continue to bless you in your work on behalf of his people, and may He bless the flock entrusted to your care. With every good wish, and asking your blessing, I remain,

Yours in the Blessed Trinity

**Fr. Bitaju Puthenpurackal, O.S.S.T.**
Provincial Vicarial of India
Order of the Most HOLY TRINITY
Holy Trinity Ashram, S.O.S. Post,
B.G. Road, Banglore 560 076, India

# കൊടുങ്ങല്ലൂർ മാർതോമാ തീർത്ഥാടനം 2013

1394/13
25.05.2013

മിശിഹായിൽ പ്രിയ സഹോദരങ്ങളേ,

ക്രിസ്തുശിഷ്യനായ മാർ തോമാശ്ലീഹായുടെ പാദസ്പർശനമേറ്റ ഭാരതഭൂവിലെ മഹിതമായ പ്രദേശം-കൊടുങ്ങല്ലൂർ സ്ഥിതി ചെയ്യുന്നത് ഇരിങ്ങാലക്കുട രൂപതയിലാണ്. ഇരിങ്ങാലക്കുട രൂപതാ ദൈവജനത്തിന് അനന്യമായി ലഭിച്ചിട്ടുള്ള വിശിഷ്ടമായ പൈതൃകവും, നിസ്തുല ഭാഗ്യവുമാണിത്. അതിൽ നമുക്ക് അഭിമാനിക്കാം. ശ്ലീഹാ നമുക്ക് തെളിച്ചു തന്ന വിശ്വാസവെളിച്ചം ദീപ്തമാക്കാൻ, 'കൊടുങ്ങല്ലൂർ തീർത്ഥാടനം 2013' നമ്മെ സഹായിക്കട്ടെ. നവം. 16 ശനിയാഴ്ച നടക്കുവാൻ പോകുന്ന രൂപതാതലത്തിലുള്ള കൊടുങ്ങല്ലൂർ തീർത്ഥാടനത്തെക്കുറിച്ച് രൂപതയിലെ വിവിധ തലങ്ങളിലുള്ള സമ്മേളനങ്ങളിലും കൂട്ടായ്മകളിലും ഈ തീർത്ഥാടനത്തിന്റെ പ്രസക്തിയും പ്രാധാന്യവും നാം ചർച്ച ചെയ്തിട്ടുള്ളതാണ്.

'ലഹരിവിമുക്തഭവനം ദൈവഭവനം' എന്ന ആപ്തവാക്യവുമായി ലഹരിവിമുക്തവർഷത്തിൽ നടത്തപ്പെടുന്ന ഈ പദയാത്ര വിജയപ്രദമാകുവാൻ നിങ്ങളേവരുടെയും പ്രാർത്ഥനാസഹായം പ്രത്യേകം അഭ്യർത്ഥിക്കുന്നു. ലഹരിക്കടിമപ്പെട്ടവരെയും അതുവഴി വേദനിക്കുന്ന വ്യക്തികളെയും കുടുംബങ്ങളേയും ദൈവസ്നേഹത്തിലേക്കും വിശുദ്ധീകരണത്തിലേക്കും വ്യക്തിത്വവളർച്ചയിലേക്കും കൈപിടിച്ചുയർത്തുവാൻ ഈ പരിഹാരയാത്ര കാരണമാകട്ടെ. പൂർവ്വികരെ സ്മരിച്ചുകൊണ്ടും ആത്മാക്കളുടെ രക്ഷയ്ക്കും നമ്മുടെ പാപങ്ങൾക്ക് പരിഹാരവുമായി ഈ തീർത്ഥാടനം നമുക്ക് നടത്താം.

"കൊടുങ്ങല്ലൂർ തീർത്ഥാടനം 2013"ന്റെ വിവിധ കമ്മറ്റികൾ രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചു കഴിഞ്ഞിരിക്കുന്നു. ബഹു. വികാരിയച്ചന്മാർ ലഭിക്കുന്ന അറിയിപ്പുകളും ക്രമീകരണങ്ങളും സശ്രദ്ധം മനസ്സിലാക്കി ദൈവജനത്തെ ഒരുക്കണമെന്നും നിർദ്ദേശിക്കപ്പെട്ട വിധത്തിൽ രൂപതയിലെ വൈദികർ, സമർപ്പിതർ, അല്മായ സഹോദരർ എന്നിവർ തീർത്ഥാടനത്തിൽ പങ്കെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു. തീർത്ഥാടനത്തെ അനുഗ്രഹപ്രദമാക്കുവാൻ ഏവരുടേയും സഹകരണവും പ്രാർത്ഥനയും സാന്നിധ്യവും ക്ഷണിക്കുന്നു.

സ്നേഹത്തോടെ,

+ Pauly Kannookadan

**മാർ പോളി കണ്ണൂക്കാടൻ**

ഇരിങ്ങാലക്കുട രൂപതാമെത്രാൻ

NB:- ഈ അറിയിപ്പ് നവംബർ 10 ഞായറാഴ്ച കുർബാനമദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്

# മാധ്യമദിനസന്ദേശം - 2013

**47-ാം ലോകസമ്പർക്കദിന സന്ദേശത്തോടനുബന്ധിച്ച്**
**മുൻ പാപ്പാ ബെനഡിക്റ്റ് 16-ാമൻ നല്കിയ സന്ദേശം**
**മാധ്യമദിനം 17 നവംബർ 2013**

---

***സാമൂഹിക സമ്പർക്കമാധ്യമങ്ങൾ: സത്യത്തിന്റെയും വിശ്വാസത്തിന്റെയും വാതിലുകൾ; സുവിശേഷവത്കരണത്തിനുള്ള പുതിയ ഇടങ്ങൾ***

---

പ്രിയ സഹോദരീ സഹോദരന്മാരേ,

**ആമുഖം: ഇന്നിന്റെ നവമാധ്യമരംഗം**

2013-ലെ ലോകസമ്പർക്കദിനം സമീപസ്ഥമായിരിക്കുമ്പോൾ ജനങ്ങൾ ഇന്ന് പരസ്പരം ആശയവിനിമയം നടത്തുന്നതിന് കൂടുതൽ ഉപയോഗിക്കുന്ന ഒരു സുപ്രധാന യാഥാർത്ഥ്യത്തെക്കുറിച്ച് - ഡിജിറ്റൽ സോഷ്യൽ നെറ്റുവർക്കുകളെക്കുറിച്ച് - ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അവ പുതിയൊരു "കമ്പോളം," തുറന്ന ഒരു സമ്മേളനസ്ഥലം, സൃഷ്ടിക്കാൻ സഹായിക്കുന്നു. അവിടെ ആളുകൾ ആശയങ്ങളും വിവരങ്ങളും അഭിപ്രായങ്ങളും പങ്കുവയ്ക്കുന്നു. അവിടെ പുതിയ ബന്ധങ്ങളും സമൂഹത്തിന്റെ പുതിയ രൂപങ്ങളും ഉണ്ടാകാൻ ഇടയാകുന്നു.

**1. കൂട്ടായ്മയ്ക്കു വഴിയൊരുക്കുന്ന ഡിജിറ്റൽ മാധ്യമശൃംഖല**

വിവേകത്തോടും സന്തുലിതത്വത്തോടുംകൂടി ഈ രംഗത്ത് വ്യാപരിച്ചാൽ അവ സംവാദത്തിന്റെയും ചർച്ചയുടെയും പുതിയ രൂപങ്ങളെ പരിപോഷിപ്പിക്കും. സ്വകാര്യതയോടുള്ള ആദരവോടും പരസ്പരബഹുമാനത്തോടും ഉത്തരവാദിത്വത്തോടും സത്യസന്ധതയോടുംകൂടെ നടത്തിയാൽ വ്യക്തികൾ തമ്മിലുള്ള ഐക്യം വീണ്ടും ശക്തിപ്പെടുത്താൻ അവയ്ക്കു കഴിയും, മനുഷ്യകുടുംബത്തിന്റെ സമന്വയത്തെ കാര്യക്ഷമമായി വളർത്താനും സാധിക്കും. വിവരങ്ങളുടെ പരസ്പരകൈമാറ്റം യഥാർത്ഥ ആശയവിനിമയമായിത്തീരും; പക്വതനേടിയ സൗഹൃദബന്ധങ്ങളുടെ കണ്ണികളാകും. ബന്ധങ്ങൾ കൂട്ടായ്മയെ സുഗമമാക്കും. നെറ്റുവർക്കുകൾ മഹത്തായ ഈ സാധ്യത സാക്ഷാത്കരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. അവയിൽ ഏർപ്പെടുന്ന ആളുകൾ സത്യസന്ധരായിരിക്കാൻ പരിശ്രമിക്കണം, എന്തെന്നാൽ, ഈ സൈബർ സ്പെയ്സുകളിൽ ആശയങ്ങളും വിവരങ്ങളും മാത്രമല്ല, ആത്യന്തികമായി നമ്മെത്തന്നെയും പങ്കുവയ്ക്കുന്നുണ്ട്.

സാമൂഹിക നെറ്റുവർക്കുകളുടെ പുരോഗതി ആഴമാർന്ന സമർപ്പണം ആവശ്യപ്പെടുന്നുണ്ട്: കാരണം വിനോദങ്ങളിൽ ഏർപ്പെടാനും ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനും മാത്രമല്ല, ബന്ധങ്ങൾ പടുത്തുയർത്താനും സൗഹൃദങ്ങൾ സ്ഥാപിക്കാനും ഇതിലൂടെ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയാണ്. എന്നാൽ ബൗദ്ധിക പ്രചോദനങ്ങൾ നേടാനും അറിവും സാങ്കേതികവിദ്യയും പങ്കുവയ്ക്കാനും കൂടി ഇതിലൂടെ ഇടയാകുന്നുണ്ട്. നെറ്റുവർക്കുകൾ കൂടുതൽ കൂടുതൽ സമൂഹഘടനയുടെ ഭാഗമായിത്തീരുകയാണ്. ഈ മൗലികാവശ്യങ്ങളുടെ അടിസ്ഥാനത്തിൽ അവ ആളുകളെ ഒന്നിപ്പിക്കുകയാണ്. അങ്ങനെ സാമൂഹിക നെറ്റുവർക്കുകൾ മനുഷ്യഹൃദയങ്ങളിൽ വേരുറച്ച അഭിലാഷങ്ങളാൽ പോഷിപ്പിക്കപ്പെടുന്നു.

**2. വെല്ലുവിളികൾ ഉയർത്തുന്ന വിനിമയശൃംഖല മേഖല**

സാമൂഹിക നെറ്റുവർക്കുകളുടെ നവമായ സംസ്കാരവും, സമ്പർക്കത്തിന്റെ മാർഗങ്ങളിലും ശൈലികളിലുമുണ്ടാകുന്ന മാറ്റങ്ങളും സത്യത്തെയും മൂല്യങ്ങളെയുംകുറിച്ചു സംസാരിക്കാൻ ആഗ്രഹിക്കുന്നവരുടെ മുമ്പിൽ കാർക്കശ്യമുള്ള വെല്ലുവിളികൾ ഉണർത്തുന്നുണ്ട്. മിക്കപ്പോഴും, മറ്റു സാമൂഹികസമ്പർക്കമാധ്യമങ്ങളുടെ കാര്യത്തിലെന്നപോലെ, ആശയപ്രകാശനത്തിന്റെ വിവിധ രൂപങ്ങളുടെ പ്രാധാന്യവും കാര്യക്ഷമതയും അവയുടെ ആന്തരികപ്രാധാന്യത്താലും മൂല്യത്താലുമല്ല പിന്നയോ പൊതുജനത്തെ ആകർഷിക്കുകയെന്ന അവയുടെ ലക്ഷ്യത്താൽ ഇന്നു പ്രചോദിപ്പിക്കപ്പെടുന്നതായി കാണപ്പെടുന്നു. പൊതുജനപ്രീതിക്കുവേണ്ടിയുള്ള ശ്രമം മിക്കപ്പോഴും പ്രശസ്തിക്കുവേണ്ടിയുള്ളതാണ്, പ്രേരിപ്പിക്കലിന്റെ അടവുകളാണ്. വിചിന്തനത്തിന്റെ തത്ത്വശാസ്ത്രമല്ല അതിനോടു ബന്ധപ്പെട്ടിരിക്കുന്നത്. ചിലപ്പോൾ അമിതമായ വിവരദാനംമൂലം യുക്തിയുടെ മൃദുലശബ്ദം കീഴടക്കപ്പെടുന്നു. കൂടുതൽ ആകർഷകമായ, പ്രേരണാത്മകമായ, വിധത്തിൽ ആശയപ്രകാശനം നടത്തുന്നവരെ ശ്രദ്ധിക്കുകയും യുക്തിയുടെ ശബ്ദം ശ്രദ്ധിക്കപ്പെടാതിരിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, സംഭാഷണം, യുക്തിപൂർവകമായ സംവാദം, താർക്കികമായ വാദപ്രതിവാദം എന്നിവയെപ്പറ്റി ബോധമുള്ളവർക്ക് സമർപ്പണബുദ്ധിയുണ്ടായിരിക്കണമെന്ന് സാമൂഹികസമ്പർക്കമാധ്യമങ്ങൾ ആവശ്യപ്പെടുന്നു. സമ്പർക്കപ്രക്രിയയിൽ വ്യാപരിക്കുന്നവരുടെ ശ്രേഷ്ഠമായ ആഗ്രഹങ്ങൾക്കു യോജിച്ച സംഭാഷണരൂപങ്ങളും പ്രകാശനവും വളർത്തുവാൻ ആഗ്രഹിക്കുന്ന ജനങ്ങളുണ്ട്. അവരെ സംബന്ധിച്ചും സമർപ്പണബുദ്ധിയുണ്ടാകണം.

നമ്മുടെ ആശയങ്ങളിൽനിന്നു വ്യത്യസ്തമായ ആശയങ്ങളുള്ളവരുമായി സംഭാഷണം നടത്തുകയും അവരെ ഗൗരവപൂർവം പരിഗണിക്കുകയും ചെയ്യുമ്പോഴും സംഭാഷണവും വാദപ്രതിവാദവും തഴച്ചുവളരും. "സാംസ്കാരിക വൈവിധ്യമെന്ന ഒരു യാഥാർത്ഥ്യമുണ്ട്. അതുകൊണ്ട് മറ്റുള്ളവരുടെ സംസ്കാരത്തിന്റെ അസ്തിത്വത്തെ ആളുകൾ അംഗീകരിക്കണം. മാത്രമല്ല, അതുവഴി സമ്പന്നരാകാൻ ആഗ്രഹിക്കുകയും വേണം. നല്ലതും സത്യസന്ധവും മനോഹരവുമായി തങ്ങൾക്കുള്ളതെന്തും നല്കുവാൻ ആഗ്രഹിക്കുകയും വേണം." (സാംസ്കാരിക ലോകസമ്മേളനത്തിൽ നടത്തിയ പ്രഭാഷണം, ബേലെം, ലിസ്ബൺ, 12, മേയ് 2010).

സാമൂഹിക നെറ്റുവർക്ക് നേരിടുന്ന വെല്ലുവിളി ഇതാണ്: എല്ലാവരെയും യഥാർത്ഥത്തിൽ ഉൾപ്പെടുത്താൻ എങ്ങനെ കഴിയും? വിശ്വാസികൾ എല്ലാവരും പങ്കുചേരുന്നതിൽനിന്നുള്ള ഗുണം എങ്ങനെയുണ്ടാകും? യേശുവിന്റെ സന്ദേശത്തിലും അവിടത്തെ പ്രബോധനം പരിപോഷിപ്പിക്കുന്ന മനുഷ്യമഹത്ത്വമൂല്യങ്ങളിലും പങ്കുചേരാൻ ആഗ്രഹിക്കുന്നവരാണ് വിശ്വാസികൾ. ഡിജിറ്റൽ ലോകത്തിലും സദ്വാർത്ത അറിയിച്ചില്ലെങ്കിൽ അസ്തിത്വാത്മകമായ ആസ്പെയ്സ് സുപ്രധാനമായി കരുതുന്ന അനേകർക്ക് സദ്വാർത്തയുടെ അനുഭവമുണ്ടാകുകയില്ലെന്ന ബോധം വിശ്വാസികളിൽ വർദ്ധിച്ചുവരുന്നു.

**3. യുവമനസ്സുകളുടെ ഊർജ്വസലമായ ചാലകശക്തി**

ഡിജിറ്റൽ സാഹചര്യം കേവലം ഒരു സമാന്തരസാഹചര്യമോ കാല്പനിയ സാഹചര്യമോ അല്ല. പിന്നെയോ അനേകരുടെ പ്രത്യേകിച്ച് ചെറുപ്പക്കാരുടെ, അനുദിനാനുഭവത്തിന്റെ ഭാഗമാണ്. മാനുഷിക പരസ്പര പ്രവർത്തനത്തിന്റെ ഫലമാണ് സാമൂഹിക നെറ്റുവർക്കുകൾ. എന്നാൽ, അവ ബന്ധങ്ങളെ സൃഷ്ടിക്കുന്ന സമ്പർക്കത്തിന്റെ സ്വയംചാലകത്വത്തിന്റെ പുന:സൃഷ്ടി നടത്തുന്നുണ്ട്. അതുകൊണ്ട് ഈ സാഹചര്യം ഗൗരവപൂർവം പരിഗണിക്കണം. ശ്രദ്ധേയമായ സാന്നിധ്യത്തിന്റെ മുൻവ്യവസ്ഥയാണത്.

പുതിയ ഭാഷ ഉപയോഗിക്കാൻ വേണ്ട കഴിവുണ്ടായിരിക്കണം. ആനുകാലികമായിരിക്കാൻവേണ്ടി മാത്രമല്ല ആ കഴിവ് നേടേണ്ടത്. പിന്നെയോ എല്ലാവരുടെയും ഹൃദയങ്ങളിൽ എത്തിച്ചേരാൻ കഴിയുന്ന പ്രകാശനരൂപങ്ങൾ കണ്ടെത്താൻ സുവിശേഷത്തിന്റെ അനന്ത സമ്പന്നതയ്ക്കു സാധിക്കാൻ വേണ്ടിയാണ്. ഡിജിറ്റൽ

സാഹചര്യത്തിൽ മിക്കപ്പോഴും ലിഖിതവചനത്തോടൊപ്പം പ്രതീകങ്ങളും ശബ്ദങ്ങളും ഉണ്ടായിരിക്കും. ദൈവസ്നേഹമെന്ന രഹസ്യം കണ്ടുമുട്ടാൻ നമ്മൾ ക്ഷണിക്കാൻ ആഗ്രഹിക്കുന്നവരുടെ സങ്കല്പശക്തിയും ഹൃദയസ്പർശന സാധ്യതയും ഉള്ളതായിരിക്കണം കാര്യക്ഷമമായ ആശയവിനിമയം. കൂടാതെ, ക്രൈസ്തവ പാരമ്പര്യം എപ്പോഴും അടയാളങ്ങൾകൊണ്ടും പ്രതീകങ്ങൾകൊണ്ടും സമ്പന്നമാണെന്നു നമുക്ക് അറിയാം. ഉദാഹരണങ്ങളായി, കുരിശിന്റെ അടയാളം, കന്യകാമറിയത്തിന്റെ ഐക്കണുകളും തിരുസ്വരൂപങ്ങളും, ക്രിസ്തുമസ് പുൽക്കൂട്, പള്ളികളിലെ ജനലുകളുടെ കതകുകളിലുള്ള ചിത്രങ്ങളും പടങ്ങളും എന്നിവയെക്കുറിച്ച് ഞാൻ ചിന്തിക്കുന്നു. മനുഷ്യവംശത്തിനുള്ള കലാപാരമ്പര്യത്തിന്റെ ശ്രദ്ധേയമായ ഭാഗം വിശ്വാസസത്യങ്ങൾ പ്രകാശിപ്പിക്കാൻ പരിശ്രമിച്ച കലാകാരന്മാരാലും സംഗീതജ്ഞന്മാരാലും സൃഷ്ടിക്കപ്പെട്ടതാണ്.

**4. സുവിശേഷസമാനമായി ചിന്തിക്കാനും ജീവിക്കാനും**

സാമൂഹിക നെറ്റുവർക്കുകളിൽ വിശ്വാസികൾ തങ്ങളുടെ പ്രത്യാശയുടെയും സന്തോഷത്തിന്റെയും അഗാധമായ ഉറവിടങ്ങളിൽ പങ്കുപറ്റിക്കൊണ്ട് തങ്ങളുടെ ആത്മാർത്ഥത പ്രകടിപ്പിക്കുന്നു. യേശുക്രിസ്തുവിൽ വെളിവാക്കപ്പെട്ട കാരുണ്യവാനും സ്നേഹപൂർണനുമായ ദൈവത്തിലുള്ള വിശ്വാസമാണ് ആ ഉറവിടം. ഈ പങ്കുചേരൽ അവരുടെ വിശ്വാസത്തിന്റെ പരസ്യമായ പ്രകടനത്തിൽ മാത്രമല്ല ഉള്ളടങ്ങിയിരിക്കുന്നത്. പിന്നെയോ, അവരുടെ സാക്ഷ്യത്തിലും അടങ്ങിയിരിക്കുന്നുണ്ട്. അവർ ആശയവിനിമയം ചെയ്യുന്ന രീതിയിലും "സവിശേഷമായി പറയപ്പെടുന്നില്ലെങ്കിലും അവരുടെ തിരഞ്ഞെടുപ്പുകളിലും മുൻഗണനകളിലും വിധിത്തീർപ്പുകളിലും" (2011-ലെ ലോകസമ്പർക്കദിനസന്ദേശം) അത് അടങ്ങിയിട്ടുണ്ട്. മനുഷ്യാസ്തിത്വത്തിന്റെ സത്യത്തിനും അർത്ഥത്തിനുംവേണ്ടിയുള്ള അന്വേഷണത്തിൽ മുന്നേറുമ്പോൾ ഉണ്ടാകുന്ന അവരുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ക്ഷമയോടും ആദരവോടുംകൂടി ഉത്തരം പറയാൻ സ്വയം സമർപ്പിക്കാനുള്ള സന്മനസ്സുണ്ടാകണം. മുൻപറഞ്ഞ സാക്ഷ്യം നല്കുന്നതിന്റെ ശ്രദ്ധേയമായ ഒരു രീതിയായിരിക്കും അത്. വിശ്വാസത്തെയും അന്തർജ്ഞാനത്തെയും സംബന്ധിച്ച സാമൂഹിക നെറ്റുവർക്കിൽ വളരുന്ന സംഭാഷണം പൊതുവാദപ്രതിവാദത്തിലും സാമൂഹികജീവിതത്തിലും മതത്തിനുള്ള പ്രാധാന്യവും പ്രസക്തിയും സ്ഥിരീകരിക്കുന്നു.

**5. വിജ്ഞാനതരംഗവും വചനത്തിന്റെ പ്രകാശവും**

തുറന്ന ഹൃദയത്തോടെ വിശ്വാസദാനം സ്വീകരിച്ചവരെ സംബന്ധിച്ചിടത്തോളം സ്നേഹം, സത്യം, ജീവിതത്തിന്റെ അർത്ഥം എന്നിവയെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് ഏറ്റവും മൗലികമായ പ്രത്യുത്തരം യേശുക്രിസ്തു ആകുന്ന വ്യക്തിയിൽ കണ്ടെത്തും. പ്രസ്തുത ചോദ്യങ്ങൾ സാമൂഹിക നെറ്റുവർക്കുകളിലും ഉള്ളവയാണ്. ഡിജിറ്റൽ മണ്ഡലത്തിൽ കണ്ടുമുട്ടുന്നവരുമായി വിശ്വാസം ആദരവോടെ, സന്ദർഭോചിതമായി, പങ്കുവയ്ക്കാൻ വിശ്വാസികൾ ആഗ്രഹിക്കുകയെന്നത് സ്വാഭാവികമാണ്. എന്നാലും ആത്യന്തികമായി സുവിശേഷം പങ്കുവയ്ക്കാനുള്ള നമ്മുടെ പരിശ്രമങ്ങൾ നല്ല ഫലം ഉളവാക്കുന്നുണ്ടെങ്കിൽ എപ്പോഴും അത് ഹൃദയങ്ങളെ സ്പർശിക്കാൻ ദൈവവചനത്തിനു കഴിവുള്ളതുകൊണ്ടാണ്. നമ്മുടെ ഏതു പരിശ്രമത്തിനും മുമ്പേ ദൈവവചനത്തിൽ അങ്ങനെ ചെയ്യാൻ കഴിയും. ദൈവിക പ്രവൃത്തിയുടെ ശക്തിയിലുള്ള വിശ്വാസം എപ്പോഴും മാനുഷിക മാർഗങ്ങളിലുള്ള വിശ്വാസത്തെക്കാൾ വലുതായിരിക്കണം. ഡിജിറ്റൽ സാഹചര്യത്തിൽ ചൂടുപിടിച്ച, വിഭജനപരമായ ശബ്ദങ്ങളുണ്ടാവുക എളുപ്പമാണ്. ചിലപ്പോൾ വൈകാരികത പ്രബലപ്പെടുകയും ചെയ്യും. അതുകൊണ്ട്, അവിടെയും ശ്രദ്ധാപൂർവകമായ തിരിച്ചറിയലുണ്ടാകണം.

ഇതിനെ സംബന്ധിച്ചിടത്തോളം നാം ഒരു വസ്തുത ഓർമ്മിക്കണം. അതായത്, ഏലിയാ പ്രവാചകൻ ദൈവത്തിന്റെ ശബ്ദം തിരിച്ചറിഞ്ഞത്, കൊടും കാറ്റിലല്ല, ഭൂകമ്പത്തിലോ അഗ്നി പ്രളയത്തിലോ അല്ല പിന്നെയോ "ശാന്തമായ ചെറിയ ശബ്ദത്തിലാണ്" (1 രാജാ 19:11-12). സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും അർത്ഥവും സത്യവും കണ്ടെത്താനുമുള്ള മനുഷ്യന്റെ മൗലികമായ ആഗ്രഹം, വാഴ്ത്തപ്പെട്ട കാർഡിനൽ ന്യൂമാൻ വിശ്വാസത്തിന്റെ "സൗമ്യപ്രകാശം" എന്നു വിളിച്ച പ്രകാശത്തിലേക്ക് നമ്മുടെ സമകാലീനരെ തുറന്ന ഹൃദയമുള്ളവരായി നയിക്കുന്നുണ്ട് എന്ന വസ്തുതയിൽ നാം വിശ്വസിക്കണം. ഇപ്പറഞ്ഞ ആഗ്രഹം ദൈവം തന്നെ ഓരോ പുരുഷന്റെയും സ്ത്രീയുടെയും ഹൃദയത്തിൽ സ്ഥാപിച്ചിട്ടുള്ളതാണ്.

**6. മാനവപുരോഗതിയുടെ ദീപ്തമായ സാന്നിധ്യം**

സാമൂഹിക നെറ്റുവർക്കുകൾ സുവിശേഷവത്കരണത്തിനുള്ള ഒരു മാർഗമെന്നപോലെ മാനുഷിക വികസനത്തിനുള്ള ഒരു ഘടകം

കൂടിയാണ്. ഉദാഹരണമായി, ഭൂമിശാസ്ത്രപരവും സാംസ്കാരികവുമായ ചില സാഹചര്യങ്ങളിൽ ക്രൈസ്തവർക്ക് തങ്ങൾ ഒറ്റപ്പെട്ടവരാണെന്നു തോന്നും. അവർക്ക് വിശ്വാസികളുടെ ലോകവ്യാപകമായ സമൂഹവുമായി യഥാർത്ഥ ബന്ധമുണ്ടെന്ന ബോധം പുന:സ്ഥാപിക്കാൻ സാമൂഹികനെറ്റുവർക്കിനു കഴിയും. ആധ്യാത്മികവും ലിറ്റർജിപരവുമായ ഉറവിടങ്ങളിൽ പങ്കുപറ്റുകയെന്നത് നെറ്റുവർക്കുകൾ സുഗമമാക്കുന്നു. ഒരേ വിശ്വാസമുള്ളവരോട് കൂടുതൽ അടുത്തുനിന്നു പ്രാർത്ഥിക്കുന്നുവെന്ന ബോധമുണ്ടാകാൻ അവ സഹായിക്കുന്നു.

വിശ്വാസത്തിൽനിന്ന് അകലെ നില്ക്കുന്നവരുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ആത്മാർത്ഥമായി, പാരസ്പര്യത്തോടെ മറുപടി പറയുന്നതിൽ ഏർപ്പെടണം. ദൈവ സാന്നിധ്യത്തിലുള്ള വിശ്വാസത്തെയും നമ്മുടെ പ്രായോഗികപരസ്നേഹത്തെയും പ്രാർത്ഥനകൊണ്ടും പരിചിന്തനംകൊണ്ടും വളർത്തണമെന്ന ചിന്തയിലേക്കു അതു നമ്മെ നയിക്കണം: “ഞാൻ മനുഷ്യരുടെയും ദൈവദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങലയോ ചിലമ്പുന്ന കൈത്താളമോ ആണ് ”(1 കോറി 13:1).

**7. വിശ്വാസവെളിച്ചത്തിൽ വളർത്തുന്ന മാധ്യമങ്ങൾ**

പ്രാർത്ഥിക്കാനും ധ്യാനിക്കാനും ദൈവവചനത്തിൽ പങ്കുചേരാനുള്ള അവസരങ്ങൾ നമ്മുടെ സമകാലികർക്കു നല്കുന്ന സാമൂഹിക നെറ്റുവർക്കുകൾ ഡിജിറ്റൽ ലോകത്തുണ്ട്. എന്നാൽ ഈ നെറ്റുവർക്കുകളെ വിശ്വാസത്തിന്റെ മറ്റു മാനങ്ങളിലേക്കും തുറക്കാവുന്നതാണ്. പലരും ഓൺലൈനുമായുള്ള പ്രാരംഭബന്ധത്തിന്റെ സഹായത്താൽ നേരിട്ടുള്ള കണ്ടുമുട്ടലുകൾ, സമൂഹത്തിന്റെ അനുഭവങ്ങൾ, തീർത്ഥാടനങ്ങൾ - എന്നിവയുടെ പോലും പ്രാധാന്യം ഇന്നു കണ്ടെത്തുന്നുണ്ട്. ആ ഘടകങ്ങളെല്ലാം വിശ്വാസയാത്രയിൽ എപ്പോഴും പ്രാധാന്യമുള്ളവയാണ്.

ഡിജിറ്റൽ ലോകത്ത് സുവിശേഷം സന്നിഹിതമാക്കാനുള്ള നമ്മുടെ പരിശ്രമത്തിൽ പള്ളികൾ, ചാപ്പലുകൾ മുതലായ സ്ഥലങ്ങളിൽ പ്രാർത്ഥനയ്ക്കും ലിറ്റർജിപരമായ ആഘോഷങ്ങൾക്കും ഒന്നിച്ചുവരാൻ ആളുകളെ ക്ഷണിക്കാൻ കഴിയും. നമ്മുടെ വിശ്വാസത്തിന്റെ പ്രകടനത്തിലും സുവിശേഷസാക്ഷ്യം വഹിക്കലിലും സമന്വയമോ ഐക്യമോ ഇല്ലാതിരിക്കരുത്. നാം ജീവിക്കാൻ വിളി

ക്കപ്പെട്ട ഭൗതികമോ ഡിജിറ്റലോ ആയ ഏതു യാഥാർത്ഥ്യത്തിലും സമന്വയവും ഐക്യവും ഉണ്ടായിരിക്കണം. ഏതുവിധത്തിലായാലും നാം മറ്റുള്ളവർക്ക് സന്നിഹിതരായിരിക്കുമ്പോൾ ലോകത്തിന്റെ വിദൂരസ്ഥമായ അതിർത്തികൾവരെ ദൈവസ്നേഹം അറിയിക്കാൻ നമുക്കു കടമയുണ്ട്.

**ഉപസംഹാരം**

ദൈവത്തിന്റെ ചൈതന്യം എല്ലായ്പ്പോഴും നിങ്ങളോടൊപ്പം ഉണ്ടായിരിക്കാനും നിങ്ങളെ പ്രകാശിപ്പിക്കാനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങൾ സുവിശേഷത്തിന്റെ യഥാർത്ഥ മുന്നോടികളും സാക്ഷികളും ആയിരിക്കാൻ നിങ്ങളെ എല്ലാവരെയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു. "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16:15).

വത്തിക്കാനിൽനിന്ന് 24 ജനുവരി 2013,
വിശുദ്ധ ഫ്രാൻസിസ് ഡി സാലസിന്റെ തിരുനാൾ ദിവസം
ബെനഡിക്റ്റ് 16-ാമൻ മാർപാപ്പാ

(മാധ്യമദിന സന്ദേശം എല്ലാ വർഷവും ജനുവരി 24-നാണ് പ്രസിദ്ധീകരിക്കുന്നത്. ഈ വർഷവും അതേ ദിവസം തന്നെയാണ് ഈ സന്ദേശം പുറത്തിറക്കിയത്. അന്ന് ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പായാണ് സഭയുടെ പരമാധ്യക്ഷൻ എന്ന നിലയിൽ ഇതു തയ്യാറാക്കിയത്.)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025/08.10.2013/Ref: 2716 /K 35/OL/KCBC/DS

## അഭിനന്ദനങ്ങൾ



കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇൻഡ്യയുടെ (CBCI) യുവജന കമ്മീഷന്റെ മികച്ച യുവജന പ്രവർത്തകയ്ക്കുള്ള 17-ാമത് നാഷണൽ യൂത്ത് അവാർഡിന് നേടിയ കനകമല സെന്റ് ആന്റണീസ് ഇടവകാംഗമായ **ജെറി പൗലോസിന്** സ്നേഹനിർഭരമായ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.....!




**1 ജോൺപോൾ രണ്ടാമനും ജോൺ 23-ാമനും വിശുദ്ധ പദവിയിലേയ്ക്ക്**

വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ മാർപാപ്പായെയും ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പയെയും 2014 ഏപ്രിൽ 27-ന് വിശുദ്ധരായി പ്രഖ്യാപിക്കുമെന്ന് ഫ്രാൻസിസ് മാർപാപ്പ വ്യക്തമാക്കി. പ്രീഫെക്ട് ഓഫ് ദി കോൺഗ്രിഗേഷൻ ഫോർ സെയിന്റ്സ്, കർദ്ദിനാൾ ആഞ്ചലോ അമാത്തോയും തദവസരത്തിൽ സന്നിഹിതരായിരുന്നു. ദിവ്യകാരുണ്യതിരുനാളാണ് ഏപ്രിൽ 27. ലോകവ്യാപകമായി ദിവ്യകാരുണ്യഭക്തി പ്രചരിപ്പിക്കണമെന്ന ആഗ്രഹത്തോടെ ജോൺപോൾ രണ്ടാമൻ മാർപാപ്പയാണ് ഈ തിരുനാളിന് തുടക്കം കുറിച്ചത്.

**2 വിശ്വാസവർഷസമാപനം ഗോവയിൽ**

ഭാരതകത്തോലിക്കാസഭയുടെ വിശ്വാസവർഷസമാപനം നവംബർ 18 മുതൽ 22 വരെ തിയ്യതികളിൽ ഗോവയിൽ നടക്കും. ബോം ജീസസ് ബസിലിക്കയാണ് സമ്മേളനവേദി. സഭാധ്യക്ഷന്മാർ നേതൃത്വം വഹിക്കും. ബിഷപ്പ് ഡോ. ഫിലിപ്പ് നേരി ഫെറോ (ഗോവ), ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ (പുനലൂർ), ബിഷപ്പ് മാർ റാഫേൽ തട്ടിൽ (തൃശ്ശൂർ), ബിഷപ്പ് ഡോ. ബോസ്കോ പെന്ന (മുംബൈ), ബിഷപ്പ് ഡോ. തോമസ് ഡാബ്രെ (പൂന) എന്നിവർ സമാപനദിവസം സന്ദേശം നൽകുന്നതാണ്.

**3. സീറോമലബാർ സിനഡ് ജനുവരിയിൽ**

സീറോമലബാർ സഭയുടെ അടുത്ത സിനഡ് ജനുവരി 7 മുതൽ 11 വരെ തിയ്യതികളിൽ സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സമ്മേളിക്കും.

**4 മറിയം വിശ്വാസത്തിന്റെ സ്ത്രീ.**

വിശ്വാസവർഷത്തോടനുബന്ധിച്ച് ഫാത്തിമ മാതാവിന്റെ തിരുസ്വരൂപം വത്തിക്കാനിൽ സ്ഥാപിച്ച് മാർപാപ്പ ഒക്ടോ. 12-ാം തിയ്യതി മാതാവിന്റെ വിമലഹൃദയത്തിന് ലോകത്തെ സമർപ്പിക്കുകയുണ്ടായി. മറിയം വിശ്വാസത്തിന്റെ സ്ത്രീയും യഥാർത്ഥ

വിശ്വാസിയും ആയിരുന്നുവെന്ന് ഫ്രാൻസിസ് പാപ്പാ തന്റെ സന്ദേശത്തിൽ വ്യക്തമാക്കി. മറിയത്തിന്റെ 'യെസ്' എന്ന മറുപടി ഹവ്വയിൽ നിന്നാരംഭിച്ച അനുസരണക്കേടിന്റെ കെട്ടുകൾ അഴിച്ചു മാറ്റപ്പെടാൻ ദൈവത്തിനുവേണ്ടി വാതിൽ തുറന്നുകൊടുത്തുവെന്ന് രക്ഷാകരകർമ്മത്തിന്റെ പശ്ചാത്തലത്തിൽ ചൂണ്ടിക്കാട്ടി.

**5 കെ.സി.ബി.സി. മാധ്യമ അവാർഡ്**

കലാസാഹിത്യ സാംസ്കാരിദാർശനിക മാധ്യമരംഗങ്ങളിൽ വിശിഷ്ടസേവനം കാഴ്ചവച്ച കത്തോലിക്കരെ ആദരിക്കുന്നതിന് കെ.സി.ബി.സി. മാധ്യമകമ്മീഷൻ ഏർപ്പെടുത്തിയ വിവിധ പുരസ്കാരങ്ങൾക്ക് നാമനിർദ്ദേശം ക്ഷണിച്ചു. നിർദ്ദേശിക്കപ്പെടുന്ന ഗ്രന്ഥങ്ങൾ, അനുബന്ധ രേഖകൾ തുടങ്ങിയവ മാധ്യമ കമ്മീഷൻ സെക്രട്ടറിയുടെ പക്കൽ നവംബർ 30-ന് സമർപ്പിക്കണം.

**6 ബിഷപ്പ് റാഫി മഞ്ഞളി - അലഹാബാദ് മെത്രാൻ**

ബിഷപ്പ് റാഫി മഞ്ഞളിയെ അലഹാബാദ് രൂപതയുടെ മെത്രാനായി മാർ ഫ്രാൻസിസ് പാപ്പ നിയമിച്ചിരിക്കുന്നു. നിലവിൽ വാരാണസി രൂപതാദ്ധ്യക്ഷനാണ് ബിഷപ്പ് റാഫി. തൃശ്ശൂർ അതിരൂപതയിലെ വെണ്ടോർ ഇടവകാംഗമായ ഇദ്ദേഹം 2007 ഫെബ്രുവരിയിലാണ് വാരാണസി രൂപതയുടെ മെത്രാനായി അഭിഷിക്തനായത്. അലഹാബാദ് മേജർ സെമിനാരി റെക്ടറായി ഏതാനും വർഷം സേവനം ചെയ്തിട്ടുണ്ട്. ബിഷപ്പ് ഡോ. ഇസിദോർ ഫെർണാണ്ടസ് പ്രായാധിക്യംമൂലം വിരമിച്ച ഒഴിവിലേക്കാണ് ഈ നിയമനം.

**7 അസാധാരണ സിനഡ് ഒക്ടോബറിൽ**

കുടുംബത്തെക്കുറിച്ച് ചർച്ച ചെയ്യാൻ ഫ്രാൻസിസ് മാർപാപ്പ അസാധാരണമായ സിനഡ് 2014 ഒക്ടോബർ 5 മുതൽ 19 വരെ വിളിച്ചു കൂട്ടും. പൗരസ്ത്യ സഭയുടെ തലവന്മാർ, ബിഷപ്സ് കോൺഫ്രൻസിന്റെ തലവന്മാർ കൂരിയ ഓഫീസിന്റെ തലവന്മാർ എന്നിവരാണ് ഈ സിനഡിൽ പങ്കെടുക്കുന്നത്. "സുവിശേഷവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ കുടുംബങ്ങളുമായി ബന്ധപ്പെട്ട അജപാലന വെല്ലുവിളികൾ" എന്നതായിരിക്കും പുതിയ സിനഡിന്റെ വിഷയം. ആധുനിക സഭയുടെ ചരിത്രത്തിലെ മൂന്നാമത്തെ അസാധാരണ സിനഡായിരിക്കും ഇത്. മെത്രാന്മാരുടെ സിനഡിന് 1965ൽ തുടക്കം കുറിച്ചത് പോൾ ആറാമൻ

മാർപാപ്പയാണ് 1969ലും 85ലും ഇത്തരം സിനഡുകൾ നടന്നിട്ടുണ്ട്.

**8 സി.എം.സി.യുടെ സംയോജന സുവർണ്ണജൂബിലി**

1866-ൽ കൂനമ്മാവിൽ രൂപംകൊണ്ട നിഷ്പാദുക കർമ്മലീത്താ മൂന്നാംസഭ കേരളത്തിലെ സ്ത്രീകൾക്കുവേണ്ടിയുള്ള ആദ്യ സന്ന്യാസപ്രസ്ഥാനമാണ്. ആദ്യകാലങ്ങളിൽ വിവിധ രൂപതകളിൽ വൈദികമേലധ്യക്ഷന്മാരുടെ കീഴിൽ സ്വതന്ത്രഘടകങ്ങളായിട്ടായിരുന്നു സേവനം നടത്തിയിരുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യം ഉൾക്കൊണ്ട് ആഗോളവീക്ഷണം സ്വന്തമാക്കിയാണ് ഏകീകരണത്തിനായി പരിശ്രമിച്ചത്. സ്വതന്ത്രഘടകങ്ങളായി രൂപതാതലത്തിൽ പ്രവർത്തിച്ചിരുന്ന സംവിധാനത്തിന് മാറ്റം വരുത്തി സുപ്പീരിയർ ജനറലിന്റെ കീഴിൽ സംയോജിപ്പിച്ച ചരിത്രസംഭാവന നടന്നത്. 1963 നവംബർ 16-ന് ആയിരുന്നു ഇപ്രകാരം പൊതുപ്രമാണരേഖയുടെ അടിസ്ഥാനത്തിലുള്ള പ്രവർത്തനം ചൈതന്യപൂർണ്ണവും ശക്തവുമായപ്പോൾ 1967 മാർച്ച് രണ്ടിന് പൊന്തിഫിക്കൻ പദവിയിലേയ്ക്ക് ഉയർത്തപ്പെടുകയും CMC (Congregation of Mother Carmel) എന്ന നാമധേയം സ്വീകരിക്കുകയും ചെയ്തു. പ്രസ്തുത സംയോജനത്തിനും നവീകരണത്തിനുംവേണ്ടി അക്ഷീണം നേതൃത്വം നൽകിയവരാണ് ബിഷപ്പ് ഹിപ്പോളിറ്റസും OFM Cap., ബഹു. സെലീനാമ്മയും. 20 പ്രോവിൻസുകളിലും ആറ് റീജിയനുകളുമായി 6470ൽപരം സിസ്റ്റേഴ്സാണ് ശുശ്രൂഷ ചെയ്യുന്ന CMC സമൂഹത്തിൽ ഇന്നുള്ളത്.

**9 ചെസ്റ്റർട്ടന്റെ നാമകരണ സാധ്യത**

ആംഗ്ലേയ സാഹിത്യകാരനായ ജി.കെ. ചെസ്റ്റർട്ടന്റെ നാമകരണ നടപടികൾ രൂപതാതലത്തിൽ ആരംഭിക്കുന്നതിന് മുന്നോടിയായി അതിന്റെ സാധ്യതകളെക്കുറിച്ച് പഠിക്കുന്നതിന് നോർത്താംപ്റ്റൻ രൂപത ഫാ. ജോൺ ഉദ്രിസിനെ ഈയിടെ നിയമിച്ചു. വിവിധ വിഷയങ്ങളെപ്പറ്റി രചനകൾ നടത്തിയിട്ടുള്ള എഴുത്തുകാരനായ ജി.കെ. ചെസ്റ്റർട്ടന്റെ (Golbert Kaith Chesterton 1874-1936) നാമകരണ നടപടികളെക്കുറിച്ചുള്ള ചർച്ച അടുത്തയിടെയാണ് പുരോഗമിച്ചത്. ആധ്യാത്മികവും ദൈവശാസ്ത്രപരവുമായ ഗ്രന്ഥങ്ങളും അദ്ദേഹത്തിന്റെ രചനകളിൽപ്പെടുന്നുണ്ട്.

**റവ. ഡോ. ആന്റണി മഞ്ഞളി**



Bless A Home

# ബ്ലസ്സ് എ ഹോം

## ഒരു വീടിനെ അനുഗ്രഹിക്കൂ...

ഇരിങ്ങാലക്കുട രൂപതയുടെ 'ബ്ലസ് എ ഹോം' പദ്ധതിയിൽനിന്നു 837 കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേക്ക് ഇപ്പോൾ രണ്ടു കോടി മുപ്പത്തി ഏഴ് ലക്ഷത്തി ഇരുപത്തിരണ്ടായിരം (2,37,22,000) രൂപ നൽകി.

**സംഭാവന നല്കിയവർ**

| | | |
|---|---|---|
| 1 | Tessy Benny Joy Alukkas C/o. Simon K.J. Kattoor | 40,000 |
| 2 | Joby Varuthutty Peenickaparambil, Aloor | 6,000 |
| 3 | Rev. Fr. Ignatius Chungath | 1,20,000 |
| 4 | Mr. Paul Kalathingal, Kanakamala | 12,000 |
| 5 | A.K. Joy Arikatt, Aloor | 20,000 |
| 6 | V. Guard Industries LTD; Kochin | 60,000 |
| 7 | C.C. Antony Chakkedan, Aloor | 6,000 |
| 8 | Thressia Antony Pazhedathuparambil, Aloor | 12,000 |
| 9 | Fenny P.R. Pulickan, Chendrappinni | 5,000 |
| 10 | Dileep K.J. Kolapran, Perambra | 10,000 |
| 11 | M.C. Paul Mambilly, IJK. | 1,00,000 |
| 12 | Reju Aippu Palathingal, Kattoor | 5,000 |
| 13 | Rosy Jose, South Africa | 6,000 |
| 14 | Wellwisher, Aripalam | 35,000 |
| 15 | Rev. Fr. Bertin CMI, Pullur | 50,000 |
| 16 | Annie George W/o. K.K. George Karathrakaran, IJK. | 12,000 |
| 17 | Nayathodan Devassy Ouseph, Thuruthiparambu | 10,000 |
| 18 | St. Thomas Cathedral, IJK. | 90,350 |
| 19 | Gracy Ouseph Vazhappilly, Aloor | 12,000 |
| 20 | Shibu Eluvathingal, Chalakudy | 50,000 |
| 21 | K.O. Ittoop Konuparamban, Chalakudy | 50,000 |
| 22 | Michael Konath, Aripalam | 10,000 |
| 23 | Jessy Sunny Kurisingal, Mala | 5,000 |
| 24 | C.J. Stanly Chinnikara, IJK. | 5,000 |
| 25 | V.J. Babu Vadakumchery, Chennai | 10,000 |
| 26 | Panthalookaran Lonappan Sons, Kodakara | 10,000 |
| 27 | Spirituality Centre Box Collection | 3,000 |

**ഫാ. വർഗ്ഗീസ് അരിക്കാട്ട്**
മാനേജിംഗ് ട്രസ്റ്റി

## ആദരാഞ്ജലികൾ

## സി. എൻസ്വീഡ് FCC



